# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ സർവ്വകലാശാല ജീവനക്കാരുടെ സംഘടനാപ്രതിനിധികളുമായി നടത്തിയ ചർച്ച - തീരുമാനങ്ങൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 6162/എ1/2/2018/ഭരണവിഭാഗം — തീയതി, പ്രിയദർശിനി ഹിൽസ്, 14.08.2018

സൂചന: സർവ്വകലാശാല ജീവനക്കാരുടെ സംഘടനാപ്രതിനിധികളുമായി 13.08.2018-ൽ വൈസ് ചാൻസിലർ നടത്തിയ ചർച്ചയുടെ മിനിറ്റ്സ്.

## <u>ഉത്തരവ്</u>

കേരളത്തിലെ പ്രളയക്കെടുതികളെക്കുറിച്ചും ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിനെക്കുറിച്ചും സർവ്വകലാശാല ജീവനക്കാരുടെ സംഘടനാപ്രതിനിധികളുമായി വൈസ് ചാൻസിലർ സൂചന പ്രകാരം നടത്തിയ ചർച്ചയിൽ താഴെ പരാമർശിച്ചിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ഓണവുമായി ബന്ധപ്പെട്ട് സർവ്വകലാശാല കാമ്പസ്സിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന അധ്യാപക-അനധ്യാപക ജീവനക്കാരുടെ എല്ലാ ആഘോഷപരിപാടികളും നിർത്തി വെയ്ക്കുന്നതാണ്.

2. ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിനു വേണ്ടി സർവ്വകലാശാല അധ്യാപക-അനധ്യാപക ജീവനക്കാരുടെ ഒരു ദിവസത്തെ വേതനം സർക്കാർ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്നതാണ്. ആയത് ആഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും പിടിച്ച് 21-ാം തീയതിയോടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ആദ്യ ഗഡുവായി നൽകുവാൻ ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുന്നു.

3. കൂടുതൽ തുക സംഭാവന നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രസ്തുത തുക നൽകാവുന്നതാണ്. ആയത് രേഖാമൂലം ഫിനാൻസ് ഓഫീസറെ അറിയിക്കേണ്ടതാണ്. ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്ന തുകയ്ക്ക് വരുമാന നികുതി നിയമത്തിലെ 80 G പ്രകാരം നികുതിയിളവ് ലഭിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. സെക്ഷനുകൾ/ ഡിപ്പാർട്ടുമെന്റുകൾ/ സെന്ററുകൾ
2. വൈസ് ചാൻസിലറുടെ/ പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ
   (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ//കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
6. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-220/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം